**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 963** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പുതുക്കാട് റെയിൽവേ ഓവർബ്രിഡ്ജ് നിർമാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്നതിന് അനുമതി ലഭിച്ച പുതുക്കാട് റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമാണ പ്രവർത്തനങ്ങൾ ഇതുവരെ ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** കിഫ്ബി ധനസഹായത്തോടെ ആർ.ബി.ഡി.സി.കെ മുഖേന നിർമ്മിക്കുന്ന പുതുക്കാട് റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണ പ്രവൃത്തിയ്ക്കായി മൂന്ന് തവണ ടെൻഡർ ക്ഷണിച്ചു. ടെണ്ടർ സമർപ്പിച്ച തുക ഗവൺമെൻറ് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങളേക്കാൾ കൂടുതൽ ആയതിനാൽ ടെണ്ടർ അംഗീകരിക്കുന്നതിനായി ആർ.ബി.ഡി.സി.കെ. മാനേജിംഗ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ടെൻഡർ തുക കുറയ്ക്കുന്നതിന് ലേലക്കാരനുമായി നെഗോഷിയേറ്റ് ചെയ്യുകയോ ലേലക്കാരൻ തയ്യാറല്ലെങ്കിൽ, എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് വീണ്ടും ടെൻഡർ ചെയ്യുകയോ അതിനും കഴിയാത്തപക്ഷം, പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കാനും ആർ.ബി.ഡി.സി.കെ. മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു . അതിൻപ്രകാരം ആർ.ബി.ഡി.സി.കെ. കോൺട്രാക്ടർക്ക് നെഗോസിയേഷൻ ലെറ്റർ അയ്ക്കുകയും അത് കോൺട്രാക്ടർക്ക് സമ്മതം അല്ലെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ, എസ്റ്റിമേറ്റ് പുതുക്കി റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ആർ.ബി.ഡി.സി.കെ. സ്വീകരിച്ചു വരികയാണ്.

**(ബി)** ആർ.ബി.ഡി.സി.കെ. ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ള പ്രസ്തുത പ്രവൃത്തിയുടെ നടപടികൾ പൂർത്തീകരിച്ച് എത്രയും വേഗം നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ ഇടപെടലുകളും നടപടികളും സ്വീകരിക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**